നം. CEE/5500/2017/ KEAM -2018/ TA.1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM -2018

## ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ ന്യൂനപക്ഷ (മൈനോറിറ്റി) ക്വാട്ടയിലേയ്ക്കുള്ള പ്രവേശനം വിദ്യാർത്ഥികളിൽ നിന്നും ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റുകൾ ക്ഷണിച്ചു

23.06.2018 ലെ സ.ഉ. നം. (സാധാ) 2016/2018/ആ.കു.വ, 25.06.2018 ലെ സ.ഉ. നം. (സാധാ) 2031/2018/ ആ.കു.വ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ നിശ്ചിത എണ്ണം എം.ബി.ബി.എസ്/ബി.ഡി.എസ് സീറ്റുകൾ പ്രസ്തുത കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി നീക്കിവച്ചിട്ടുണ്ട്. ഈ സീറ്റുകളിലേയ്ക്ക് കോളേജ് മാനേജ്മെന്റ് പ്രതിനിധാനം ചെയ്യുന്ന ന്യൂനപക്ഷ സമുദായ ത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെറിറ്റിന്റെയും, മൈനോറിറ്റി മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ പ്രവേശനം നൽകുന്നതാണ്. മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനം തേടുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിക്കുന്ന മൈനോറിറ്റി/കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിൽ ന്യൂനപക്ഷ ക്വാട്ടയായി മാറ്റിവച്ചിട്ടുള്ള എം.ബി.ബി.എസ്/ബി.ഡി.എസ് സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന അതത് ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2018-Candidate Portal'** എന്ന ലിങ്കിലൂടെ അവരവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Minority Quota'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്യുമ്പോൾ പ്രസ്തുത ന്യൂനപക്ഷ വിഭാഗത്തിൽ വരുന്ന സമുദായങ്ങളുടെ പട്ടിക ലഭ്യമാകുന്നതാണ്. ഓരോ സമുദായ വിഭാഗത്തിനും നേരെ അതത് വിഭാഗത്തിൽപ്പെടുന്നതിനുള്ള യോഗ്യത, സമുദായം തെളിയിക്കുന്നതിന് സമർപ്പിക്കേണ്ട രേഖകൾ എന്നിവ കാണിച്ചിട്ടുണ്ട്. കൂടാതെ ഓരോ സമുദായ വിഭാഗത്തിനും നേരെ അതിനായി സമർപ്പിക്കേണ്ടുന്ന സമുദായ സർട്ടിഫിക്കറ്റിന്റെ പ്രൊഫോർമ ലഭ്യമാകുന്നതാണ്. പ്രസ്തുത പ്രൊഫോർമയുടെ പ്രിന്റൗട്ട് എടുത്ത് ബന്ധപ്പെട്ട അധികാരിയിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങി ആവശ്യമാണെങ്കിൽ റവന്യൂ അധികാരികളിൽ നിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റിനോടൊപ്പം **29.06.2018 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി വെബ്സൈറ്റിലൂടെ അപ്ലോഡ് ചെയ്യേണ്ടതാണ്. ഇത്തരം കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളുടെ ലഭ്യത, ന്യൂനപക്ഷ സമുദായം സംബന്ധിച്ച വിവരങ്ങൾ, പ്രസ്തുത സീറ്റുകളിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ, സമർപ്പിക്കേണ്ടുന്ന രേഖകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ ഉത്തരവുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in**, **www.cee-kerala.org** എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. ഒരു പ്രത്യേക ന്യൂനപക്ഷ സമുദായ വിഭാഗത്തിലേയ്ക്ക് പരിഗണിക്കപ്പെടേണ്ട വിദ്യാർത്ഥികൾ അതിലേയ്ക്ക് സമർപ്പിക്കേണ്ടുന്ന സർട്ടിഫിക്കറ്റ് തന്നെ ഹാജരാക്കേണ്ടതാണ്. ഏതെങ്കിലും ഒരു പ്രത്യേക ന്യൂനപക്ഷ സമുദായ വിഭാഗത്തിലേയ്ക്ക് സമർപ്പിച്ചിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിൽ മറ്റ് വിഭാഗങ്ങളിലേയ്ക്ക് പരിഗണിക്കുന്നതല്ല. ഓരോ ഉപ-സമുദായ വിഭാഗത്തിലും പരിഗണിക്കപ്പെടേണ്ടവർ പ്രത്യേകം സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. ന്യൂനപക്ഷ സമുദായ വിഭാഗത്തിനായുള്ള സർട്ടിഫിക്കറ്റ് നിശ്ചിത സമയത്തിനകം ഹാജരാക്കാത്ത വിദ്യാർത്ഥികളെ ബന്ധപ്പെട്ട സമുദായത്തിന്റെ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. ആവശ്യമായ രേഖകൾ നിശ്ചിത സമയത്തിനകം ഹാജരാക്കുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തി താത്കാലിക കാറ്റഗറി ലിസ്റ്റുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്. താത്കാലിക കാറ്റഗറി ലിസ്റ്റുകൾ സംബന്ധിച്ച ആക്ഷേപങ്ങൾ ക്ഷണിച്ച് അവ പരിഗണിച്ച ശേഷം അന്തിമ കാറ്റഗറി ലിസ്റ്റുകൾ പ്രസിദ്ധീകരിച്ച ശേഷം പ്രസ്തുത സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റ് നടത്തുന്നതാണ്.

സമുദായ സർട്ടിഫിക്കറ്റുകൾ നൽകാൻ അധികാരപ്പെടുത്തിയിട്ടുള്ള വ്യക്തികൾ നല്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. അപാകതകൾ ഉള്ളതും അപൂർണ്ണവുമായ സർട്ടിഫിക്കറ്റുകൾ പരിഗണിക്കുന്നതല്ല. സർട്ടിഫിക്കറ്റുകൾ/രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപ്‌ലോഡ് ചെയ്യുന്നതിനു മുൻപായി സമുദായ സർട്ടിഫിക്കറ്റുകൾ പൂർണ്ണവും, അപാകതകൾ ഇല്ലാത്തതുമാണെന്നും, ബന്ധപ്പെട്ട അധികാരികളുടെ ഒപ്പ്, സീൽ എന്നിവ പതിച്ചിട്ടുണ്ടെന്നും വിദ്യാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

**<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>**: സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും പ്രസ്തുത ക്വാട്ട ലഭ്യമായ കോളേജുകളിൽ മറ്റു വിദ്യാർത്ഥികളെപ്പോലെ ഓപ്ഷനുകൾ ഓപ്ഷൻ രജിസ്ട്രേഷൻ സമയത്ത് നൽകിയിരിക്കണം. എൻ.ആർ.ഐ ക്വാട്ടയിൽ ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾക്ക് മാറ്റി വച്ചിരിക്കുന്ന സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ താത്പര്യമുള്ള കോളേജുകളിലെ എൻ.ആർ.ഐ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്തിരിക്കണം. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ അവർ ന്യൂനപക്ഷ വിഭാഗം കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പോലും ന്യൂനപക്ഷ ക്വാട്ടയിലെ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

<u>www.cee.kerala.gov.in</u> എന്ന വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം **29.06.2018 രാവിലെ 10 മണി** വരെ ലഭ്യമാകുന്നതാണ്.

**<u>കുറിപ്പ്</u>**: KEAM 2018 അപേക്ഷയോടൊപ്പം വില്ലേജ് ഓഫീസർ നൽകിയിട്ടുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് സമർപ്പിച്ച് എസ്.ഇ.ബി.സി സംവരണത്തിനായുള്ള മുസ്ലീം (MU) കാറ്റഗറി ലിസ്റ്റിൽ ഇതിനോടകം ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളെ റവന്യൂ അധികാരികൾ സാക്ഷ്യപ്പെടുത്തേണ്ടുന്ന മുസ്ലീം മൈനോരിറ്റി കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുത്തി പ്രസ്തുത ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിൽ അലോട്ട്മെന്റിന് പരിഗണിക്കുന്നതാണ്. ഇവർ മുസ്ലീം മൈനോരിറ്റി കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുന്നതിനായി വില്ലേജ് ഓഫീസറിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് വീണ്ടും അപ്‌ലോഡ് ചെയ്യേണ്ടതില്ല.

സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളുടെ ലഭ്യത, ന്യൂനപക്ഷ സമുദായം സംബന്ധിച്ച വിവരങ്ങൾ, പ്രസ്തുത സീറ്റുകളിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ, സമർപ്പിക്കേണ്ടുന്ന രേഖകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**Help Line Numbers: 0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
25.06.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**

| Annexure | | | | | |
|---|---|---|---|---|---|
| SlNo | Category Code | Category | Criteria of Eligibility | Authority to issue Community Certificate | Applicable Colleges |
| 1 | MM | All Muslims | Muslim Community | Village officer | EMC, AZC, TRM, KMM, KNC, ADC, AZD, EID, IGD, PMS, RDC, KAD, KMD, CDC |
| 2 | ZA | Jacobite Syrian Christian | Candidates belonging to Jacobite Syrian Christian Community | Parish priest / Revenue Officials | MBD |
| 3 | ZV | Jacobite Syrian Christian | Candidates belonging to Jacobite Syrian Christian Community | Revenue Officials / Parish priest countersigned by concerned diocese | SGD |
| 4 | ZB | SIUC Nadar Community of South Kerala Diocese of CSI | Members of SIUC Nadar Community of South Kerala Diocese | Bishop / Revenue Officials | SMC |
| 5 | ZC | Dalit Candidates from CSI-SKD and Kollam-Kottarakara Diocese. | Members/ Associate Members from Dalit CSI Candidates from SKD and Kollam-Kottarakara Diocese | Bishop / Revenue Officials | SMC |
| 6 | ZW | Other CSI Candidates of SKD and Kollam-Kottarakara Diocese | Non Nadar, Non Dalit members/ Associate members from CSI candidates of SKD and Kollam-Kottarakara Diocese | Bishop / Revenue Officials | SMC |
| 7 | ZX | Members/ Associate members of CSI other than SKD | Members/ Associate members of CSI other than SKD and Kollam-Kottarakara Diocese | Bishop / Revenue Officials | SMC |
| 8 | ZY | Members/ Associate members of CMS Anglican Church | Members/ Associate members of CMS Anglican Church | Bishop / Revenue Officials | SMC |
| 9 | AC | Any Christian Community | Applicants who are members of any Christian Community | Parish Priest/Pastor | AMC-JMC-MMC-PMC-BCM-PMD |
| 10 | ZH | Syro-Malabar Catholics of Christian Community | Applicants who are members of Syro-Malabar Catholic community | Parish Priest of Syro-Malabar Catholic Community | AMC |

| SlNo | Category Code | Category | Criteria of Eligibility | Authority to issue Community Certificate | Applicable Colleges |
|---|---|---|---|---|---|
| 11 | ZI | Professed members (Priest/Nuns) of any catholic institutes of consecrated life (Religious congregations) | All Professed religious men or women applicants who are members of any Catholic Religious Congregations recognized by the Roman Catholic Church and Priests who are incardinated to any Roman Catholic Dioceses/Archdioceses. | Provincial/General Superior/Bishop/ Archbishop | AMC-JMC-PMC-PMD |
| 12 | ZJ | Latin Catholics | Applicants who are members of the Latin Catholic community | Parish Priest | AMC-PMC-PMD |
| 13 | ZK | Roman Catholic Dalit Christians | Roman Catholic Christian applicants who are also members of the recognized Dalit community | Parish Priest | AMC-JMC |
| 14 | ZL | Roman Catholic Community | Applicants who are members of the Roman Catholic Church (Includes members of all three catholic rites i.e, Syro-Malabar Catholics, Syro-Malankara Catholics and Latin Catholics) | Parish Priest | JMC |
| 15 | ZM | Archdiocese of Trichur (Excluding the suffragan dioceses of Palakkad, Irinjalakkuda & Ramanathapuram) | Applicants who are members of any of the Catholic Parishes of the Archdiocese of Trichur (Excluding suffragan Dioceses of Palakkad, Irinjalakkuda & Ramanathapuram) | Parish Priest countersigned by the Archdioceses of Trichur signatory with official Stamp and Signature | JMC |
| 16 | ZN | Malankara Orthodox Syrian Church | Applicants who are members of Malankara Orthodox Syrian Church | Vicar of the Parish Counter signed by Diocesan Bishop | MMC |
| 17 | ZO | Dalit Orthodox Christians | Applicants who belongs to Dalit Orthodox Christian | Vicar of the Parish Counter signed by Diocesan Bishop | MMC |
| 18 | ZP | Syro-Malankara Catholics - Category-1 | Applicable for all Syro-Malankara Catholic candidates | Parish Priest/Pastor/Bishop countersigned by Metropolitan ArchBishop of Thiruvalla/his authorised | PMC-PMD |

| SlNo | Category Code | Category | Criteria of Eligibility | Authority to issue Community Certificate | Applicable Colleges |
|---|---|---|---|---|---|
| 19 | ZQ | Syro-Malankara Catholics - Category-2 | Applicable to candidates belonging to the Archdiocese of Tiruvalla including Suffragan Dioceses of Muvattupuzha, Bathery & Puthur and Dioceses of Pathanamthitta & Mavelikara | Parish Priest/Pastor/Bishop countersigned by Metropolitan ArchBishop of Thiruvalla/his authorised representatives | PMC-PMD |
| 20 | ZR | Catholic Dalit Christians | Applicable to all Catholic Christian candidates who are members of recognized Dalit community | Parish Priest/Pastor/Bishop | PMC-PMD |
| 21 | ZS | Believers Church Minority Seats | Members of Believers Eastern Church from Kerala | Parish Priest/Bishop | BCM |

Condition of Bond: In the case of Malankara Orthodox Syrian Church Medical College, Kolenchery, Ernakulam (MMC), Pushpagiri Institute of Medical Science & Research Centre, Thiruvalla(PMC) and Believers Church Medical College Hospital, Kuttapuzha, Thiruvalla(BCM), candidates seeking admission under Minority Quota (including Minority seats under NRI quota) shall have to execute a bond to the extent that candidate should serve 1 year in the institution concerned immediately after the successfull completion of the course.